STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.78/PR/SPMC/PHQ/2026 Date:21.02.2026

## സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ദിനാചരണം നാളെ (23.02.2026, തിങ്കളാഴ്ച്ച) മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും

കേരള പൊലീസിന്റെ സ്റ്റേറ്റ് സ്പെഷ്യൽ രഹസ്യാന്വേഷണ വിഭാഗം രൂപീകൃതമായി 60 വർഷം പൂർത്തിയാകുന്ന അവസരത്തിൽ ഫെബ്രുവരി 23 സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ദിനമായി ആചരിക്കുന്നു. 2026 ഫെബ്രുവരി 23 (തിങ്കളാഴ്ച്ച) രാവിലെ 10 മണിക്ക് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം & വിജിലൻസ് ബിശ്വനാഥ് സിൻഹ, എ.ഡി.ജി.പി. പി. വിജയൻ, ഐ.ജി.പി ഇന്റലിജൻസ് എസ്. ശ്യാം സുന്ദർ, ഐ.ജി.പി ഇന്റേണൽ സെക്യൂരിറ്റി പുട്ട വിമലാദിത്യ, മുതിർന്ന പോലീസ് ഓഫീസർമാർ, ജനപ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.